**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3052** **25-06-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ആനുകൂല്യം 2024 -2025 അക്കാദമിക് വർഷത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുവാൻ എത്ര കോടി രൂപയാണ് ആവശ്യമായി വരുന്നതെന്നും എത്ര കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരിത്തിയിരിക്കുന്നതെന്നും വിശദമാക്കുമോ; | (എ) | 2024-25 അക്കാദമിക് വർഷത്തിൽ ലഭിക്കുന്ന അപേക്ഷകളുടെ അർഹതക്ക് അനുസരിച്ച് മാത്രമേ അനുവദിക്കേണ്ട തുക കൃത്യമായി കണക്കാക്കാൻ കഴിയുകയുള്ളൂ. എന്നിരുന്നാലും മുൻ വർഷങ്ങളിൽ അനുവദിച്ച നൽകിയ ആനുകൂല്യത്തിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷം ഏകദേശം 54.04 കോടി രൂപ ആനുകൂല്യ വിതരണത്തിന് ആവശ്യമായി വരുമെന്ന് കണക്കാക്കുന്നു.<br><br>2024-25 വർഷത്തിൽ 2405-00-121-97-00-12-NV (Non Plan) എന്ന ശീർഷകത്തിൽ 27.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പോസ്റ്റ് മെട്രിക് ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ 2405-00-103-80 (plan) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി 928.2 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | മെഡിക്കൽ പി.ജി. പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ഫീസാനുകൂല്യം അനാവശ്യ കാരണങ്ങൾ പറഞ്ഞ് ഉദ്യോഗസ്ഥർ തടഞ്ഞുവച്ചിരിക്കുന്ന പരാതികൾ പരിഹരിക്കുവാനായി നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (ബി) | മത്സ്യത്തൊഴിലാളികളുടെ മെഡിക്കൽ പി.ജി. വിദ്യാർത്ഥികളായ മക്കളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ തടഞ്ഞുവെച്ചിട്ടില്ല. അപേക്ഷകർ സമർപ്പിക്കുന്ന രേഖകളുടെ ആധികാരികത നിലവിലുള്ള മാർഗരേഖകൾ പ്രകാരം പരിശോധിച്ച് അർഹരായവർക്ക് ആനുകൂല്യം അനുവദിച്ച് വരുന്നു. |
| (സി) | മത്സ്യത്തൊഴിലാളികളുടെ വിവാഹിതരായ പെൺകുട്ടികൾക്ക് വിദേശ ധനസഹായ ആനുകൂല്യങ്ങൾ ഉൾപ്പടെയുള്ള ഉന്നത വിദ്യാഭ്യാസ ആന്യുകൂല്യങ്ങൾ തടഞ്ഞുവച്ചിരിക്കുന്നുവെന്ന പരാതി പരിഹരിക്കുവാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (സി) | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിയ്ക്കുന്നത് സംബന്ധിച്ച് ജി.ഒ.(എം.എസ്) നം. 47/2014/മ.തു.വ. പ്രകാരം പുറപ്പെടുവിച്ച നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ വിവാഹിതരായ പെൺമക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നത് സംബന്ധിച്ച് വ്യക്തമായ പരാമർശമില്ല. ആയതിനാൽ ടി ഉത്തരവിലൂടെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അനുവദിച്ച് വരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ, വരുമാന പരിധി അടിസ്ഥാനമാക്കി |

| | | | |
|---|---|---|---|
| | | | മത്സ്യത്തൊഴിലാളികളുടെ വിവാഹിതരായ പെൺമക്കൾക്ക് കൂടി അനുവദിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിശോധനയിലാണ്. |
| (ഡി) | വിവാഹിതരായ പെൺകുട്ടികൾക്ക് അവരുടെ വിദ്യാഭ്യാസ ആനുകൂല്യത്തിനായി അപേക്ഷിക്കുവാൻ മത്സ്യത്തൊഴിലാളിയുടെ മകളെന്ന സർട്ടിഫക്കറ്റ് മത്സ്യത്തൊഴിലാളി ക്ഷേമനിധി-പ്രാദേശിക മത്സ്യഭവൻ ഓഫിസുകൾ നിരസിക്കുന്നത് സർക്കാർ നിർദേശം നല്കിയിട്ടാണോയെന്ന് വ്യക്തമാക്കാമോ; അല്ലെങ്കിൽ അനധികൃതമായി സർട്ടിഫിക്കറ്റ് നിരസിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികൾ സർക്കാർ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (ഡി) | മത്സ്യത്തൊഴിലാളിയുടെ വിവാഹിതരായ പെൺമക്കൾക്ക് അവരുടെ വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നതു സംബന്ധിച്ച് രണ്ട് പരാതികൾ മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡിൻറെ തിരുവനന്തപുരം റീജിയണൽ ഓഫീസിൽ ലഭിച്ചിരുന്നു. ഈ രണ്ട് പരാതികളും പരിഹരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്നതിന് വേണ്ടി മത്സ്യത്തൊഴിലാളിയുടെ മകൻ/ മകൾ എന്ന സർട്ടിഫിക്കറ്റ് കാലതാമസം കൂടാതെ അനുവദിക്കുന്നതിന് ഫിഷറീസ് ഓഫീസർമാർക്ക് മത്സ്യബോർഡ് രേഖാമൂലം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | മത്സ്യത്തൊഴിലാളികളുടെ പ്രീമെട്രിക്, പോസ്റ്റ് മെട്രിക് തലത്തിലുള്ള മക്കളുടെ വിദ്യാഭ്യാസ ആനുകൂല്യം 2023-2024 അധ്യയന വർഷത്തിൽ എത്ര വിദ്യാർത്ഥികൾക്കാണ് മത്സ്യബന്ധന വകുപ്പ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; അതിൽ പ്രൊഫഷണൽ കോഴ്സ് ചെയ്യുന്ന വിദ്യാർത്ഥികളുടെ എണ്ണം പ്രത്യേകമായി നൽകാമോ? | (ഇ) | 2023-24 അധ്യയന വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ആനുകൂല്യ ഇനത്തിൽ പ്രീമെട്രിക് തലത്തിലുള്ള 12,693 വിദ്യാർത്ഥികൾക്കും പോസ്റ്റ് മെട്രിക് തലത്തിലുള്ള 22,413 വിദ്യാർത്ഥികൾക്കും ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.<br><br>പോസ്റ്റ് മെട്രിക് തലത്തിൽ ആനുകൂല്യം അനുവദിച്ചതിൽ 3,167 വിദ്യാർത്ഥികൾ പ്രൊഫഷണൽ കോഴ്സ് ചെയ്യുന്നവരാണ്. |

സെക്ഷൻ ഓഫീസർ